II ഇ.ബി. XIII കേരള നിയമസഭ/X-15

**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

**2014 ഫെബ്രുവരി 06, വ്യാഴം**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**46 (*541) ക്രിമിനൽ നീതിനിർവ്വഹണ സംവിധാനം**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, ക്രിമിനൽ നീതിനിർവ്വഹണത്തിന്റെ വിശ്വാസ്യ തയ്ക്കും സ്വീകാര്യതയ്ക്കും കോട്ടംതട്ടാത്ത രീതിയിൽ ഭരണഘടനയ്ക്കനു സൃതമായി നിലവിലുള്ളതും കാലാകാലങ്ങളിൽ നിർമ്മിക്കുന്നതുമായ നിയമ ങ്ങൾക്കനുസരിച്ചുള്ള ഉത്തരവാദിത്വങ്ങൾ പോലീസ് സേന നിഷ്പക്ഷമായി നിർവ്വഹിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഏതൊരാളെയും ഏതു കേസിലും എപ്പോഴും പ്രതിയാക്കാമെന്ന സ്ഥിതിവിശേഷം സംസ്ഥാനത്ത് നിലവിലില്ല. വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെയുള്ള ശാസ്ത്രീയമായ കുറ്റാന്വേഷണ രീതിയാണ് പോലീസ് സ്വീകരിച്ചുവരുന്നതെന്നും ഇതിലൂടെ നിരവധി കേസ്സുകൾ തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പോലീസ് സ്വമേധയാ എടുക്കുന്ന കേസ്സുകളിന്മേൽ സി.ആർ.പി.സി.

അനുസരിച്ച് അന്വേഷണം നടത്തി തെളിവുകളുടെ അടിസ്ഥാനത്തിലാണ് പ്രതിയെ കണ്ടുപിടിക്കുന്നത്. അകാരണമായി പ്രതിചേർക്കപ്പെടുന്നവർക്ക് അതിനെതിരായി ഉന്നത പോലീസുദ്യോഗസ്ഥരെയോ കോടതിയെയോ സമീപിക്കാവുന്നതാണ്. കേസന്വേഷണങ്ങളിൽ സർക്കാർ ഇടപെടാറില്ല. ക്രിമിനലുകളായ പോലീസുകാർക്കെതിരെ നടപടികളെടുക്കുന്നുണ്ട്. പോലീസ് സേനാംഗങ്ങളെ രണ്ടായി തിരിച്ച് ക്രമസമാധാനപാലനവും കേസന്വേഷണവും നടത്തുന്നതു സംബന്ധിച്ച് ആലോചിച്ചുവരിക യാണെന്നും പൈലറ്റടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ഇത് നടപ്പാ ക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. പി.എസ്.സി. അഡ്വൈസ് ചെയ്ത 251 സബ് ഇൻസ്പെക്ടർമാർക്ക് ട്രെയിനിംഗ് നൽകുന്നതിനായി 1,15,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ തടയു ന്നതിന്റെ ഭാഗമായി 'നിർഭയ കേരളം, സുരക്ഷിത കേരളം' പദ്ധതി തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണെന്നും കേന്ദ്രഗവൺമെന്റിന്റെ 'നിർഭയ' പദ്ധതിയുടെ കീഴിലാണിത് നടപ്പാക്കുന്നതെന്നും ഹൈക്കോടതി ഉത്തരവ് ലംഘിച്ചുകൊണ്ട് പൊതുനിരത്തുകളിൽ യോഗങ്ങളും പ്രകടനങ്ങളും നടത്തു ന്നവർക്കെതിരെ കേസ്സെടുക്കുന്നുണ്ടെന്നും ബ്ലേഡ് മാഫിയകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടി യായി മന്ത്രി അറിയിച്ചു.

47 (*452) <u>പതിനാലാം ധനകാര്യ കമ്മീഷൻ</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, സംസ്ഥാന ത്തിന്റെ വിവിധ ആവശ്യങ്ങളുന്നയിച്ചുകൊണ്ടുള്ള നിവേദനം പതിനാലാം ധനകാര്യ കമ്മീഷന് സമർപ്പിച്ചിട്ടുണ്ടെന്നും ധനകാര്യ വകുപ്പിന്റെ

വെബ്സൈറ്റിൽ അത് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 18.12.2013–ൽ ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിച്ചപ്പോൾ വിവിധ രാഷ്ട്രീയ കക്ഷികൾ തങ്ങളുടെ നിവേദനങ്ങൾ നേരിട്ട് സമർപ്പിച്ചതിനാൽ അവ ക്രോഡീകരിച്ച് നൽകിയിട്ടില്ല. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രനികുതി വിഹിതം 50 ശതമാനമാക്കുക, സെസ്, സർചാർജ്ജ് എന്നിവ നികുതി വരുമാനത്തിൽ ഉൾപ്പെടുത്തുക, നികുതിയിളവുകൾ 3 ശതമാനമാക്കി കുറയ്ക്കുക, പഞ്ചായത്തുകൾക്കുള്ള ഗ്രാന്റ് 5 ശതമാനമാക്കുക, സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മാറ്റം വരുത്തുന്നതിന് അനുവദിക്കുക, കടൽക്ഷോഭം, ഇടിമിന്നൽ എന്നിവമൂലമുണ്ടാകുന്ന അപകടങ്ങൾ പ്രകൃതി ദുരന്തത്തിന്റെ പട്ടികയിൽപ്പെടുത്തുക, നിതാഖാത് നിയമംമൂലം ഗൾഫ് മേഖലയിൽ നിന്നും മടങ്ങിവരുന്ന പ്രവാസികൾക്ക് പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിക്കുക, അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനും വന സംരക്ഷണ പ്രവർത്തനങ്ങൾക്കും തീരപ്രദേശങ്ങളുടെ വികസനത്തിനും പ്രത്യേക ഗ്രാന്റ് അനുവദിക്കുക എന്നിവയാണ് സംസ്ഥാനം ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ. പ്രസ്തുത ആവശ്യങ്ങളിന്മേൽ പ്രതികരണം അറിയിച്ചിട്ടില്ലെന്നും നിവേദനം 14–ാം ധനകാര്യ കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താത്തതു സംബന്ധിച്ച് അന്വേഷിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

48 (*453) <u>വൈദ്യുതി ബോർഡിന്റെ കൈവശമുള്ള വനഭൂമി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, 31.10.2013–ലെ ഉത്തരവുപ്രകാരം വൈദ്യുതി ബോർഡിന്റെ കൈവശമുണ്ടായിരുന്ന 13825.3222 ഹെക്ടർ വന

ഭൂമിയുൾപ്പെടെയുള്ള ആസ്തിബാദ്ധ്യതകൾ സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥത യിലുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയി ലേയ്ക്ക് പുനർ നിക്ഷേപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും വനഭൂമി അളന്ന് തിട്ടപ്പെടുത്തിയാണ് വനേതര പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് പാട്ടത്തിന് നൽകുന്നതെന്നും സഭയെ അറിയിച്ചു. വൈദ്യുതി വ്യവസായത്തിന്റെ സുഗമമായ നടത്തിപ്പിനുതകുംവിധമുള്ള പ്രവർത്തന ങ്ങൾക്ക് കമ്പനി ഈ വസ്തുവകകൾ ഉപയോഗിക്കുന്നതാണെന്നും പൊതു സ്വത്തുക്കളെ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകൾ കൈമാറ്റ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

## അടിയന്തിര ചോദ്യം

### 1. ജില്ലാ ജഡ്ജിമാരുടെ ഒഴിവുകൾ നികത്താത്തതുമൂലമുള്ള പ്രാതിനിധ്യക്കുറവ്

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, ജില്ലാ ജഡ്ജിമാരുടെ ഒഴിവുകൾ നികത്താത്തതുമൂലമുള്ള പ്രാതിനിധ്യക്കുറവ് എൻ.സി.എ. (നോ കമ്മ്യൂണിറ്റി അവയിലബിൾ) റിക്രൂട്ട്മെന്റ് വഴി പരിഹരിക്കുന്നതാണെന്നും 2014 ഫെബ്രുവരി മാസം അവസാന ആഴ്ചയോടെ ഇതിനുവേണ്ട വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ഹൈക്കോടതി തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ജില്ലാ ജഡ്ജിമാരുടെ 12 ഒഴിവുകൾ നികത്താനായി നടത്തിയ പരീക്ഷയിൽ 6 പേർ ജയിച്ചതിൽ ഒരാൾ എസ്.സി. സംവരണ വിഭാഗത്തിൽ പ്പെടുന്നു. മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കാതെ പോയത് ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ നികത്തു ന്നതിന് ഹൈക്കോടതിയാണ് മുൻകയ്യെടുക്കേണ്ടതെന്നും പ്രൊമോഷനും

നിയമനവും സംബന്ധിച്ച് ഗവൺമെന്റിലേയ്ക്ക് വരുന്ന കാര്യങ്ങളിൽ ജുഡീഷ്യറിക്ക് പ്രത്യേക പരിഗണന നൽകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4942 മുതൽ 5825 വരെയുള്ള ചോദ്യങ്ങളിൽ 125 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)